ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഡോക്ടർമാരടക്കം ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ ദേശീയ ദൗത്യസേന ഇന്ന് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യും.

   **The National Task Force will discuss with the states on the urgent measures to be taken to ensure the safety and security of health workers including doctors.**

2. ഇന്ത്യ വളരെ വൈകാതെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി മാറുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister Ashwini Vaishnav said that India will soon become the third largest economy in the world.**

3. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യനടക്കം 12 പേർ എതിരില്ലാതെ രാജ്യസഭയിലേക്ക്.

   **12 members including Minister of State George Kurien elected unopposed to Rajya Sabha.**

4. വിവിധ രാജ്യങ്ങളിൽ എംപോക്സ് വ്യാപിക്കുന്ന സാഹചര്യത്തിൽ തദ്ദേശീയമായി RT-PCR പരിശോധന കിറ്റ് വികസിപ്പിച്ച് ഇന്ത്യ.

   **India has indigenously developed RT-PCR testing kit for Mpox in view of its prevalence and spread in various countries.**

5. 2025ലെ അന്താരാഷ്ട്ര വിദ്യാർത്ഥി പ്രവേശനത്തിന് പരിധി നിശ്ചയിച്ച് ഓസ്ട്രേലിയ. നടപടി കുടിയേറ്റം നിയന്ത്രിക്കുന്നതിനായി.

**Australia has announced restrictions on the enrollment of international students for 2025. The move is to control migration.**

6. 2024 പാരീസ് പാരാലിമ്പിക്സ് ഗെയിംസിന് ഇന്ന് തുടക്കം.

**2024 Paris Paralympic Games to begin today.**

*****************************

## PM-PUTIN TALKS

പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്ളാദ്മിർ പുടിനുമായി ടെലിഫോൺ സംഭാഷണം നടത്തി. റഷ്യ-യുക്രൈൻ സംഘർഷത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പ്രധാനമന്ത്രി പുടിനുമായി പങ്കുവച്ചു. ഇന്ത്യയും റഷ്യയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളെക്കുറിച്ച് ചർച്ച ചെയ്തതായും അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. യുക്രെയ്നുമായുള്ള സംഘർഷത്തിന് ശാശ്വതവും സമാധാനപരവുമായ പരിഹാരം കണ്ടെത്തുന്നതിൽ ഇന്ത്യയുടെ പൂർണ്ണ പിന്തുണയുണ്ടാകുമെന്ന് പ്രധാനമന്ത്രി ആവർത്തിച്ചു.

*****************************

**HEADLINE-1**

## TASK FORCE – MEETING

ഡോക്ടർമാരടക്കം ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ ദേശീയ ദൗത്യസേന ഇന്ന് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യും. സംസ്ഥാന ചീഫ് സെക്രട്ടറിമാരും ഡി ജി പി മാരും ഓൺലൈനായി ചേരുന്ന

യോഗത്തിൽ പങ്കെടുക്കും. സുപ്രീംകോടതി നിർദ്ദേശ പ്രകാരം രൂപീകരിച്ച ദൗത്യസേനയുടെ ആദ്യയോഗം ക്യാബിനറ്റ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. വ്യക്തികളുടെയും സംഘടനകളുടെയും നിർദേശങ്ങൾ തേടുന്നതിനായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ദേശീയ പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ലഭ്യമായ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകാൻ മന്ത്രാലയം സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു.

*****************************

HEADLINE-2

## INDIA-3RD LARGEST ECONOMY

ഇന്ത്യ വൈകാതെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി മാറുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. അന്താരാഷ്ട്ര നാണ്യനിധിയുടെ വേൾഡ് ഔട്ട് ലുക്ക് റിപ്പോർട്ടനുസരിച്ച് രാജ്യം 7 ശതമാനം വളർച്ചാ നിരക്കോടെ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയായെന്ന് അദ്ദേഹം പറഞ്ഞു. 5 ശതമാനം വളർച്ചാ നിരക്കോടെ ചൈനയാണ് തൊട്ടുപിന്നിൽ. എന്നാൽ, നിലവിൽ 28.8 ട്രില്യൺ ഡോളർ GDPയുള്ള ലോകത്തിലെ ഏറ്റവും വലിയ സമ്പദ് വ്യവസ്ഥയായ യുഎസിന്റെ വളർച്ചാ നിരക്ക് 2.6 ശതമാനം മാത്രമാണെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

*****************************

## CHILE- FM INDIA VISIT

രണ്ടാമത് ഇന്ത്യ- ചിലി സംയുക്ത കമ്മീഷൻ യോഗത്തിൽ പങ്കെടുക്കുന്നതിനായി ചിലി വിദേശകാര്യമന്ത്രി ആൽബർട്ടോ വാൻ

ക്ലവേരൻ ഇന്നലെ ന്യൂഡൽഹിയിൽ എത്തി. വിദേശകാര്യമന്ത്രി എസ് ജയ്ശങ്കറും, ചിലി വിദേശകാര്യമന്ത്രിയും യോഗത്തിൽ സഹാദ്ധ്യക്ഷന്മാരാകും. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിന്റെ പുരോഗതി വിലയിരുത്താനും ബന്ധം ശക്തിപ്പെടുത്താനും യോഗം വഴിയൊരുക്കുമെന്നാണ് കണക്കാക്കുന്നത്.

*****************************

**HEADLINE-3**

## GEORGE KURIAN-RAJYASABHA

കേന്ദ്രസഹമന്ത്രി ജോർജ് കുര്യനുൾപ്പെടെ 12 പേർ രാജ്യസഭയിലേക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ബി ജെ പി യിൽ നിന്ന് ഒമ്പത് പേരും എൻ ഡി എ സഖ്യകക്ഷികളിൽ നിന്നും രണ്ട് പേരും കോൺഗ്രസിൽ നിന്നും ഒരാളുമാണ് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടത്. മധ്യപ്രദേശിൽ നിന്നാണ് ശ്രീ ജോർജ് കുര്യൻ രാജ്യസഭയിൽ എത്തുന്നത്. ഇന്നലെ ഭോപ്പാലിൽ എത്തി അദ്ദേഹം വരണാധികാരിയിൽ നിന്ന് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി. മറ്റാരും പത്രിക സമർപ്പിക്കാത്തതിനാൽ ജോർജ് കുര്യൻ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുകയായിരുന്നു.

*****************************

**HEADLINE-4**

## INDIA - MPOX RT-PCR

വിവിധ രാജ്യങ്ങളിൽ എംപോക്സ് വ്യാപനം തുടരുന്ന സാഹചര്യത്തിൽ സുരക്ഷാനടപടികൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഇന്ത്യ തദ്ദേശീയമായി RT-PCR പരിശോധന കിറ്റ് വികസിപ്പിച്ചു. സീമെൻസ് ഹെൽത്ത്നീർ വികസിപ്പിച്ച ആർടി-പിസിആർ ടെസ്റ്റിന് സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ്

കൺട്രോൾ ഓർഗനൈസേഷൻ അംഗീകാരം നൽകി. 40 മിനിറ്റിനുള്ളിൽ പരിശോധന ഫലം ലഭ്യമാക്കുന്നതാണ് പുതിയ പരിശോധന കിറ്റ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, 2022 മുതൽ 116 രാജ്യങ്ങളിൽ നിന്നായി എംപോക്സ് വ്യാപനത്തെത്തുടർന്ന് തൊണ്ണൂറ്റിയൊൻപതി-നായിരത്തിലധികം കേസുകളും 208 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

*****************************

**HEADLINE-5**

## AUSTRALIA – STUDENTS

2025ലെ അന്താരാഷ്ട്ര വിദ്യാർത്ഥി പ്രവേശനത്തിന് പരിധി നിശ്ചയിച്ച് ഓസ്ട്രേലിയ. അടുത്ത വർഷം രണ്ട് ലക്ഷത്തി 70,000 വിദേശ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കൂവെന്ന് ഓസ്ട്രേലിയൻ വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു. ഇത് ഓസ്ട്രേലിയയിൽ ഉന്നത പഠനത്തിന് അവസരം തേടുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്ക് കനത്ത തിരിച്ചടിയാണ്. കുടിയേറ്റം നിയന്ത്രിക്കുന്നതിനായുള്ള സർക്കാരിന്റെ ഭാഗമായാണ് പുതിയ പരിഷ്കരണമെന്ന് വിദ്യാഭ്യാസ മന്ത്രി ജേസൺ ക്ലെയർ പറഞ്ഞു. ഓസ്ട്രേലിയൻ സർവ്വകലാശാലകളിൽ, നിലവിൽ കോവിഡ് പ്രതിസന്ധിസമയത്ത് ഉണ്ടായിരുന്നതിനേക്കാൾ 10 ശതമാനത്തിൽ അധികം വിദേശ വിദ്യാർത്ഥികളുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

*****************************

## JK NOMINATION

ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്. ആറ് ജില്ലകളിലായി 24 സീറ്റുകളിലേക്ക് സെപ്റ്റംബർ 18 നാണ് ആദ്യഘട്ട

വോട്ടെടുപ്പ്. ഈ മാസം 30 ആണ് സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി. രണ്ട്, മൂന്ന് ഘട്ടങ്ങളിലേക്കുള്ള വോട്ടെടുപ്പ് യഥാക്രമം സെപ്റ്റംബർ 25, ഒക്ടോബർ 1 തീയതികളിലാണ്. ഒക്ടോബർ 4 നാണ് വോട്ടെണ്ണൽ.

*****************************

## NEW WB-STUDENTS RALLY

ആർ ജി കർ മെഡിക്കൽ കോളജ് ആശുപത്രിയിലെ വനിതാ ഡോക്ടറുടെ കൊലപാതകത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് കൊൽക്കത്തയിൽ വിവിധയിടങ്ങളിൽ പ്രതിഷേധം ശക്തം. പോലീസും വിദ്യാർത്ഥികളും തമ്മിലാണ് സംഘർഷം. ഹൗറ ബ്രിഡ്ജ്, ഫോർഷോർ റോഡ്, ഹൗറയിലെ സന്ത്രഗാച്ചി എന്നിവിടങ്ങളിൽ വിദ്യാർത്ഥി സംഘടനകളുടെ റാലിക്ക് നേരെ പോലീസ് ലാത്തിച്ചാർജും ജലപീരങ്കിയും പ്രയോഗിച്ചതായാണ് റിപ്പോർട്ട്. മുഖ്യമന്ത്രി മമതാ ബാനർജി രാജിവയ്ക്കണമെന്നും പ്രതിഷേധക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ റാലിക്കിടെ അക്രമം അഴിച്ചുവിടാൻ ചിലർ ശ്രമിക്കുമെന്ന രഹസ്യാന്വേഷണ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പോലീസ് നടപടിയെന്ന് പശ്ചിമ ബംഗാൾ പോലീസ് അറിയിച്ചു.

*****************************

## WB GOVERNOR

കൊൽക്കത്ത ആർജി കർ മെഡിക്കൽ കോളേജിലെ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധക്കാരെ കൈകാര്യം ചെയ്യുന്നതിൽ പോലീസിന് കൂടുതൽ സൂക്ഷ്മത പുലർത്താമായിരുന്നുവെന്ന് പശ്ചിമ ബംഗാൾ ഗവർണർ സി വി ആനന്ദ ബോസ്. പ്രതിഷേധക്കാർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ഭാഗമായിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

സമാധാനപരമായി പ്രതിഷേധിച്ചവർക്കെതിരെയാണ് പോലീസ് ലാത്തിച്ചാർജ്ജ് നടത്തിയതെന്നും ഗവർണർ വിമർശിച്ചു..

*****************************

## AYYANKALI JAYANTHI

കേരള സമൂഹത്തിന്റെ നവോഥാനത്തിനായി പ്രവർത്തിച്ച സാമൂഹിക പരിഷ്കർത്താവായിരുന്ന മഹാത്മാ അയ്യങ്കാളിയുടെ 161-ാം ജയന്തി ഇന്ന്. ജയന്തിയോടനുബന്ധിച്ച് വിപുലമായ പരിപാടികളാണ് സംസ്ഥാനത്ത് സംഘടിപ്പിച്ചിരിക്കുന്നത്. രാവിലെ തിരുവനന്തപുരം വെള്ളയമ്പലത്തെ അയ്യങ്കാളി പ്രതിമയിൽ മന്ത്രി ഒ ആർ കേളു പുഷ്പാർച്ചന നടത്തും. അദ്ദേഹത്തിന്റെ ജന്മനാടായ വെങ്ങാന്നൂരിൽ അടുത്തമാസം 16 വരെ നീളുന്ന വിവിധ ആഘോഷപരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്.

*****************************

**HEADLINE-6**

## PARALYMPIC GAMES … INTRO

2024 പാരീസ് പാരാലിമ്പിക്സ് ഗെയിംസിന് ഇന്ന് തുടക്കമാകും. ഇന്ത്യൻ സമയം രാത്രി 11.30 നാണ് ഉദ്ഘാടന ചടങ്ങുകൾ. ഇതാദ്യമായാണ് ഒരു സമ്മർ പാരാലിമ്പിക്സിന് ഫ്രാൻസ് വേദിയാകുന്നത്. ഒരു റിപ്പോർട്ട്.......

(വോയ്സ്)

*ഇന്ത്യയെ പ്രതിനിധീകരിച്ച് 84 കായിക താരങ്ങളാണ് ഇത്തവണ പാരാലിമ്പിക്സിൽ മാറ്റുരയ്ക്കുന്നത്. പാരാലിമ്പിക് ചരിത്രത്തിലെ ഇന്ത്യയുടെ ഏറ്റവും വലിയ സംഘമാണ് ഇത്തവണത്തേത്. പാരാ സൈക്ലിംഗ്, പാരാ ജൂഡോ, പാരാ റോവിംഗ് എന്നിവയിലെ അരങ്ങേറ്റങ്ങൾ ഉൾപ്പെടെ 22 കായിക ഇനങ്ങളിൽ 12 എണ്ണത്തിൽ ഇന്ത്യ മത്സരിക്കും. അമ്പെയ്ത്തിൽ മെഡൽ പ്രതീക്ഷയുമായി ഏഷ്യൻ*

*പാരാ ഗെയിംസ് സ്വർണ മെഡൽ ജേതാവ് ശീതൽ ദേവി കളത്തിലിറങ്ങും. പാരാ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ കൃഷ്ണ നാഗറിന്റെ മത്സരത്തോടെയാണ് ഇന്ത്യൻ പോരാട്ടങ്ങൾക്ക് തുടക്കമാവുക. ആവണി ലേഖര, മനീഷ് നർവാൾ എന്നിവർ പാരാ ഷൂട്ടിംഗിൽ ഇന്ത്യയ്ക്കായി മത്സരിക്കുന്നുണ്ട്. അതേസമയം, 38 ഇന്ത്യൻ അത്ലറ്റുകൾ പങ്കെടുക്കുന്ന പാരാ അത്ലറ്റിക്സ് മത്സരങ്ങൾക്ക് ഓഗസ്റ്റ് 30 ന് തുടക്കമാകും. എഫ്-64 വിഭാഗത്തിൽ ടോക്കിയോ പാരാലിമ്പിക്സിലെ സ്വർണമെഡൽ ജേതാവ് സുമിത് അന്തിൽ ഇത്തവണയും ഇന്ത്യയുടെ മെഡൽ പ്രതീക്ഷയാണ്. സെപ്റ്റംബർ 4 മുതൽ ആരംഭിക്കുന്ന പവർലിഫ്റ്റിംഗിൽ, പരംജീത് കുമാർ, അശോക്, സക്കീന ഖാത്തൂൺ, കസ്തൂരി രാജാമണി എന്നിവർ മത്സരിക്കും. ഇന്ത്യൻ ജൂഡോ താരങ്ങളായ കപിൽ പാർമറും കോകിലയും പാരാലിമ്പിക്സിൽ അരങ്ങേറ്റം കുറിക്കുന്നുണ്ട്. സെപ്റ്റംബർ 8 വരെയാണ് പാരീസ് പാരാലിമ്പിക്സ് അരങ്ങേറുന്നത്. ന്യൂസ് ഡസ്ക്, ആകാശവാണി....*

******************************

# ICC

ഇൻററർനാഷണൽ ക്രിക്കറ്റ് കൗൺസിലിന്റെ ചെയർമാനായി ജയ്ഷായെ എതിരില്ലാതെ തെരഞ്ഞെടുത്തു. സ്ഥാനമൊഴിയുന്ന ഗ്രെഗ് ബാർക്ലേയ്ക്ക് പകരക്കാരനായാണ് ജയ്ഷാ എത്തുന്നത്. ഡിസംബർ ഒന്നിന് ജയ്ഷാ ചുമതല ഏറ്റെടുക്കും.
ഐസിസിയുടെ ചരിത്രത്തിലെ പ്രായം കുറഞ്ഞ ചെയർമാനാകും 35 കാരനായ ജയ് ഷാ.

******************************

# PASSPORT

പാസ്പോർട്ട് സേവാ സംവിധാനത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണി നടക്കുന്നതിനാൽ, നാളെ മുതൽ സെപ്റ്റംബർ 2 വരെ പാസ്പോർട്ട് സേവാ പോർട്ടൽ പൗരന്മാർക്ക് ലഭ്യമാകില്ല എന്ന് തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട്

ഓഫീസ് അറിയിച്ചു. ഇത് കണക്കിലെടുത്ത്, പാസ്‌പോർട്ട് സേവാ കേന്ദ്രം, പോസ്റ്റ് ഓഫീസ് പാസ്‌പോർട്ട് സേവാ കേന്ദ്രം എന്നിവിടങ്ങളിൽ ഈ മാസം 30 ന് അപ്പോയിന്റ്മെന്റ് ലഭിച്ച അപേക്ഷകർക്ക് മറ്റ് ദിവസങ്ങളിലായി അപ്പോയിന്റ്മെന്റ് ലഭിക്കും. പുനഃക്രമീകരിച്ച തീയതി എസ് എം എസ് അല്ലെങ്കിൽ ഇ-മെയിൽ വഴി അറിയിക്കും.

*****************************

## MALAYALAM CINEMA

ഹേമ കമ്മറ്റി റിപ്പോർട്ടിന് പിന്നാലെയുണ്ടായ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ മലയാള താരസംഘടനയായ A.M.M.A യുടെ ഭരണസമിതി പിരിച്ചുവിട്ടു. പ്രസിഡന്റ് മോഹൻലാൽ ഉൾപ്പെടെയുള്ള മുഴുവൻ ഭരണസമിതി അംഗങ്ങളും രാജിവച്ചു. ഇന്നലെ ചേർന്ന എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഓൺലൈൻ യോഗത്തിലാണ് തീരുമാനം. വിവാദങ്ങളും ആരോപണങ്ങളും വേദനിപ്പിച്ചുവെന്ന് പ്രസിഡന്റ് സ്ഥാനം ഒഴിയുന്നതിന് മുമ്പ് മോഹൻലാൽ പ്രതികരിച്ചു. രണ്ട് മാസത്തിനുള്ളിൽ പൊതുയോഗം കൂടി, പുതിയ ഭരണ സമിതിയെ തെരെഞ്ഞെടുക്കുമെന്നും മോഹൻലാൽ വ്യക്തമാക്കി. അതുവരെ അഡ് ഹോക്ക് കമ്മിറ്റിക്കാണ് ചുമതല.

*****************************

## WAYANAD ALL PARTY MEETING

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ സർവകക്ഷിയോഗം വിളിച്ചു.

************************************************************************
************